# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:263** | **10.12.2018-ൽ മറുപടിയ്ക്ക്**

## രാസവസ്തുക്കൾ ചേർത്ത മത്സ്യം

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.കെ. ദാസൻ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. ഒ. ആർ. കേളു | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും മാരക രോഗങ്ങൾക്കും കാരണമാകുന്ന ഫോർമാലിൻ, അമോണിയ പോലുള്ള രാസവസ്തുക്കൾ ചേർത്ത മത്സ്യം സംസ്ഥാനത്ത് വിൽപനയ്ക്ക് എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | ഉണ്ട്.<br>ഫുഡ്സേഫ്റ്റി വിഭാഗവുമായി ചേർന്ന് ഇത്തരം മത്സ്യങ്ങൾ പരിശോധിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:-<br>• ഫിഷറീസ് വകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പും സംയുക്തമായി ജില്ലകൾ തോറും ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>• സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പരിശോധന കിറ്റ് ഉപയോഗിച്ച് മത്സ്യത്തിലെ അമോണിയ/ ഫോർമാലിൻ സാന്നിദ്ധ്യം പരിശോധിച്ചു വരുന്നു.<br>• മത്സ്യ മാർക്കറ്റുകളിലും, ചില്ലറ വില്പന കേന്ദ്രങ്ങളിലും രാസവസ്തുക്കൾ കലർത്തിയ മത്സ്യ വില്പന തടയുന്നതിനായി പരിശോധനകൾ നടത്തി വരുന്നു.<br>• സ്ക്വാഡിന്റെ നേതൃത്വത്തിൽ ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, ഹോൾസെയിൽ & റീട്ടെയിൽ ഫിഷ് മാർക്കറ്റുകൾ, ഫിഷ് മാളുകൾ എന്നിവ സംബന്ധിച്ച വിവരശേഖരണം നടത്തുകയും മത്സ്യ ഗ്രാമങ്ങൾ കേന്ദ്രീകരിച്ചും, ലാന്റിംഗ് |
| ബി) കച്ചവടക്കാരുടെയും ഇടനിലക്കാരുടെയും അമിത ലാഭേച്ഛയോടു കൂടിയ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |

സെന്ററുകൾ കേന്ദ്രീകരിച്ചും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. കൂടാതെ മത്സ്യത്തിൽ രാസവസ്തുക്കൾ ചേർത്ത് വിൽപ്പന നടത്തുന്നത് മൂലം മനുഷ്യരുടെ ആരോഗ്യത്തിന് സംഭവിക്കുന്ന ദൂഷ്യഫലങ്ങളെ കുറിച്ച് അവബോധം സൃഷ്ടി ക്കുകയും ചെയ്തിട്ടുണ്ട്.

- രാസവസ്തുക്കൾ കലർത്തിയിട്ടുള്ള മത്സ്യവിൽപ്പനക്കെതിരെ 2006 - ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് അനുസരിച്ച് നിയമ നടപടികളും സ്വീകരിച്ചു വരുന്നു.

സി) രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ ക്കുറിച്ച് മത്സ്യത്തൊഴിലാളികളെയും മത്സ്യക്കച്ചവടക്കാരെയും ബോധവത്ക രിക്കുന്നതിന് കടലോര ജാഗ്രത സമിതികളെക്കൂടി പങ്കാളികളാക്കി ക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ;

സി) ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളി ലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിങ്ങ് സെന്ററു കൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്ന തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതു മൂലം മനുഷ്യന് ഉണ്ടാകുന്ന ആരോഗ്യപ്രശ്ന ങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും ,മൊത്ത വ്യാപാരികൾക്കും ബോധവത്കരണ പരിപാടി കൾ സംഘടിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടിയിലും കല്പറ്റയിലും . രണ്ട് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പി ച്ചിരുന്നു. ആലപ്പുഴ ജില്ലയിൽ 12 ഇടങ്ങളിലായി ഒക്ടോബർ, നവംബർ മാസങ്ങളിലായി ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പി ച്ചിരുന്നു. വിവിധ പദ്ധതികളുടെ വിവരങ്ങൾ മത്സ്യത്തൊഴിലാളികളിൽ എത്തിക്കുന്നതിനായി വകുപ്പ് നടപ്പാക്കിയ 100 ബോധവത്കരണ പരിപാടിയിലും ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

| | |
|---|---|
| ഡി) ഇത്തരത്തിലുള്ള രാസവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് മത്സ്യത്തിന്റെ സംഭരണം, വിതരണം, വിപണനം തുടങ്ങിയ വേളകളിൽ ശീതീകരണ സംവിധാനത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ഡി) ഉപഭോക്താക്കൾക്ക് ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ലഭിക്കുന്നതിനും സംസ്ഥാനത്തെ മത്സ്യ വിപണനം നിയന്ത്രിക്കുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനുമായുള്ള നിയമ നിർമ്മാണം പരിഗണനയിലാണ്. |

**സെക്ഷൻ ആഫീസർ**